**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3895 **24.08.2017**- ലെ മറുപടിക്ക്

# പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. ഐ.ബി. സതീഷ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികളുടെ ഫലമൂല്യനിർണ്ണയം സാധ്യമാകത്തക്ക വിധത്തിൽ സമഗ്രമായ ഒരു പഠനം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും പ്രതിമാസം പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണോ എന്ന് വെളിപ്പെടുത്തുമോ; | (ബി) | 50,000/- രൂപ മുതൽ 10,00,000/- രൂപ വരെ മുതൽമുടക്ക് ആവശ്യമുള്ള വരുമാനദായക പദ്ധതികൾക്ക് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ വായ്പ നൽകി വരുന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ വായ്പാ വിതരണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ സംരംഭകരെ സൃഷ്ടിക്കാൻ ഇത്തരം പദ്ധതികൾ വളരെയേറെ ഗുണകരമായിട്ടുണ്ടെന്നതിനാൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. |

| | | | |
|---|---|---|---|
| (സി) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നൽകുന്നതിനും, നിലവിലുള്ള വ്യവസായങ്ങൾ പരിരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി ഭൂമി നൽകുന്നത് കോർപ്പറേഷന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയമല്ല. നിലവിൽ സ്വന്തമായി ഭൂമിയുള്ളതോ അഥവാ ലീസ് അടിസ്ഥാനത്തിൽ ലഭിക്കാൻ സാധ്യതയുള്ളതോ ആയ വിജയസാധ്യതയുള്ള വ്യവസായ സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിനാണ് കോർപ്പറേഷൻ മുൻഗണന നൽകി വരുന്നത്. ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾക്ക് വേണ്ടിയുള്ള സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും കോർപ്പറേഷന്റെ വായ്പാ പദ്ധതികളിലൂടെ നൽകി വരുന്നുണ്ട്. പട്ടിക വിഭാഗത്തിൽപ്പെടുന്ന സംരംഭകർ നടത്തുന്ന വ്യവസായങ്ങൾ പരിരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഈ വായ്പകൾ ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.